# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.444

### 29-10-2019 ൽ മറുപടിക്ക്

### കിഫ്ബി മുഖേന ധനാനുമതി നൽകിയ പദ്ധതികൾ

| ചോദ്യം<br>ശ്രീ. യു. ആർ. പ്രദീപ് | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്ത് കിഫ്ബി മുഖേന ഇതുവരെ എത്ര പദ്ധതികൾക്ക് ധനാനുമതി നൽകിട്ടുണ്ട്; ഇത്രയും പദ്ധതികൾക്ക് ആകെ എത്ര കോടി രൂപയുടെ ധനാനുമതി ആണ് നൽകിട്ടുള്ളത്; വ്യക്തമാക്കാമോ; | സംസ്ഥാനത്ത് കിഫ്ബി മുഖേന ഇതുവരെ 591 പദ്ധതികൾക്ക് ആകെ 45618.60 കോടി രൂപയുടെ ധനാനുമതി നൽകിയിട്ടുണ്ട്. |
| (ബി) ബജറ്റ് പ്രവൃത്തികൾക്കുപുറമേ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധാരാളം പ്രവൃത്തികൾ നടക്കുന്നതുകൊണ്ട് വൻതോതിൽ തൊഴിൽ അവസരങ്ങൾ ഉണ്ടാകുകയും അതോടൊപ്പം വൻ വികസനവും ഉണ്ടാകുന്നതിന്റെ ഭാഗമായി കേരള സമ്പദ് വ്യവസ്ഥ മാന്ദ്യത്തിൽപ്പെടാതെ സ്ഥിരവും വികസനോന്മുഖവുമായി നിലനിൽക്കുന്നുണ്ട് എന്ന വിലയിരുത്തൽ ധനവകുപ്പ് നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതു സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ വികസനം സാധ്യമാകുന്നതോടൊപ്പം തൊഴിൽ സാഹചര്യങ്ങളും വർദ്ധിക്കും. മാന്ദ്യത്തിലൂടെ കടന്നു പോകുന്ന സമ്പദ്വ്യവസ്ഥക്ക് ഒരു ഉത്തേജകമായി ഇത് മാറുകയും ചെയ്യും എന്നുള്ളത് അവിതർക്കമാണ്. |

ജോയിന്റ് സെക്രട്ടറി